(12) വികലാംഗരുടേയും വിധവകളുടേയും വൃദ്ധജനങ്ങളുടെയും പെൻഷൻ തുക വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കേരള സർക്കാർ 1,14,000 പേർക്ക് വികലാംഗ പെൻഷനും 1,67,000 പേർക്ക് വിധവാ പെൻഷനും 1,19,000 പേർക്ക് വാർദ്ധക്യകാല പെൻഷനും നൽകുന്നുണ്ട്. ഈ മൂന്നു വിഭാഗങ്ങൾക്കും പ്രതിമാസം 110 രൂപ വീതമാണ് പെൻഷൻ നൽകുന്നത്. 1999 മാർച്ച് മാസം വരെ 8,87,00,000 രൂപ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. കുടിശ്ശിക അടക്കം ഈ സാമ്പത്തിക വർഷം മുഴുവൻ പെൻഷനും കൊടുക്കണമെങ്കിൽ 11 കോടി 73 ലക്ഷത്തി എൺപതിനായിരം (11,73,80,000) രൂപ വേണ്ടി വരും. ഓണത്തിന് മുൻപ് പെൻഷൻ കുടിശ്ശിക മുഴുവൻ കൊടുക്കുവാൻ സർക്കാർ സത്വര നടപടി സ്വീകരിക്കണം. പ്രതിമാസ പെൻഷൻ 150 രൂപ ആക്കിയെങ്കിലും വർദ്ധിപ്പിക്കണം. ഇപ്പോൾ വികലാംഗ പെൻഷൻ ലഭിക്കുന്നതിന് കുടുംബ വാർഷിക വരുമാനം 6000 രൂപയിൽ താഴെയും വിധവാ പെൻഷൻ ലഭിക്കുന്നതിന് കുടുംബ വാർഷിക വരുമാനം 3600 രൂപയിൽ താഴെയും വാർദ്ധക്യകാലപെൻഷൻലഭിക്കുന്നതിന് കുടുംബവാർഷികവരുമാനം 11,000 രൂപയിൽ താഴെയും ആയിരിക്കണമെന്നാണ് വ്യവസ്ഥ. ഇപ്പോൾ വരുമാന സർട്ടിഫിക്കറുകൾ ലഭിക്കുവാൻ ഇവർ വളരെയേറെ കഷ്ടപ്പെടുന്നുണ്ട്. അർഹിക്കുന്നവർക്ക് പെൻഷൻ കിട്ടുന്നില്ല. കുടുംബ വാർഷിക വരുമാന പരിധി 24,000 രൂപയായി ഉയർത്തി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കെല്ലാം പെൻഷൻ അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകണമെന്നഭ്യർത്ഥിക്കുന്നു. പെൻഷൻ കുടിശ്ശിക ഉടനെ കൊടുത്തുതീർക്കണമെന്നും അഭ്യർത്ഥിക്കുന്നു.

11 AM

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾ എന്ന നിലയ്ക്ക് വൃദ്ധജനങ്ങളുടെയും വിധവകളുടെയും വികലാംഗരുടെയും പ്രശ്നങ്ങൾക്ക് വളരെ പ്രധാനപ്പെട്ട പരിഗണന നൽകുന്ന നയമാണ് ഈ ഗവൺമെന്റ് ഈ കാലമത്രയും അവലംബിച്ചിട്ടുള്ളത്.വികലാംഗരുടെ ക്ഷേമവും പുനരധിവാസവും ലക്ഷ്യംവച്ച് ഒട്ടേറെ ക്ഷേമപദ്ധതികൾ സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലൂടെയും സാമൂഹ്യക്ഷേമ വകുപ്പിലൂടെയും നടപ്പാക്കിവരുന്നുണ്ട്. 12,000 രൂപയിൽ കുറഞ്ഞ വാർഷികവരുമാനം ഉള്ള വികലാംഗർക്ക് സഹായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. വികലാംഗരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് പി.എസ്സ്.സി നിയമനങ്ങളിൽ 3 ശതമാനം സംവരണവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്വയംതൊഴിൽ സംരംഭകർക്കായി വികലാംഗ ക്ഷേമ കോർപ്പറേഷൻ ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കുകയും വായ്പ ലഭ്യമാകുന്നവർക്കെല്ലാം രണ്ടായിരം രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 1997 ജനുവരി ഒന്നു മുതൽ 1998 ആഗസ്റ്റ് 14-ാം തീയതി വരെയുള്ള കാലയളവിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തി. വൃദ്ധജനങ്ങളുടെ ക്ഷേമവും പുനരധിവാസവും ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികളും സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പാക്കുന്നു. പത്തനംതിട്ട ജില്ല ഒഴികെയുള്ള 13 ജില്ലകളിലും ഗവൺമെന്റ് വൃദ്ധസദനങ്ങൾ നടപ്പാക്കിവരുന്നു. പത്തനം തിട്ടയിലും കെട്ടിടം കെട്ടിയാൽ അവിടെയും ഉടൻ ആരംഭിക്കുന്നതാണ്. ഇതുകൂടാതെ 82 അംഗീകൃത വൃദ്ധസദന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലെ 4920 അന്തേവാസികൾക്ക് 100 രൂപ നിരക്കിൽ പ്രതിമാസ ഗ്രാന്റും നൽകിവരുന്നു. പാവപ്പെട്ട വിധവകളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി 5000 രൂപാ നിരക്കിലും ധനസഹായം അനുവദിച്ചിട്ടുണ്ട്. നേരത്തെ 2500 രൂപ നിരക്കിൽ നൽകിയിരുന്ന സഹായമാണ് ഈ സർക്കാർ 5000 രൂപയായി ഉയർത്തിയത്. വികലാംഗർ, വിധവകൾ , വൃദ്ധജനങ്ങൾ എന്നിവർക്ക് നൽകിവരുന്ന പെൻഷൻ തുക ഉയർത്തണമെന്നുള്ളതാണ് പ്രധാനപ്പെട്ട ആവശ്യം. 110 രൂപാവച്ച് കൊടുക്കണമെങ്കിൽത്തന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 11 കോടി 73 ലക്ഷം രൂപ വേണ്ടി വരും. ഈ സാഹചര്യത്തിൽ 10 രൂപ വർദ്ധിപ്പിച്ചാൽ വലിയ സാമ്പത്തിക ബാദ്ധ്യതയാണ് വരുന്നത്. ഇപ്പോൾ നമ്മുടെ മുൻപിലുള്ള പ്രശ്നം 110 രൂപ വച്ച് ഇവർക്കെല്ലാം കൊടുക്കുക എന്നുള്ളതാണ്. അതിനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഡ്ജറ്ററി പ്രൊവിഷൻ മതിയാകുന്ന രൂപത്തിൽ ഇല്ല എന്നുള്ളതാണ് പ്രശ്നം

(13) കായംകുളം-മുട്ടം ബസാർ പാലത്തിന്റെയും വനിതാ പോളിടെക്നിക്കിന്റെയും നിർമ്മാണം

<u>ശ്രീ. ജി. സുധാകരൻ</u> : സർ, 1997 മുതൽ ബഡ്ജറ്റിൽ വന്നിട്ടുള്ള കായംകുളം ബസ്സാർ പാലം നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. ഡ്രിക്കിന്റെ നിരുത്തരവാദിത്വമാണ് പ്രധാന കുഴപ്പം. ജൂലൈ മാസത്തിൽ തറക്കല്ലിടണമെന്ന നിർദ്ദേശം മരാമത്തു വകുപ്പു നടപ്പാക്കിയിട്ടില്ല. 3-ാം വർഷവും ബഡ്ജറ്റിലുള്ള തുക നഷ്ടപ്പെടുമോ എന്ന് കായംകുളം പൗരാവലി ഭയപ്പെടുന്നു. 14 വർഷമായി യു.പി സ്കൂളിൽ പ്രവർത്തിക്കുന്ന കായംകുളം വനിതാ പോളിടെക്നിക്കിന് നിരവധി സമ്മർദ്ദങ്ങളുടെ ഫലമായിട്ടും സർക്കാരിന്റെ അനുകൂല നടപടികളുടെ ഫലമായിട്ടും 6 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.നാളിതുവരെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടില്ല. ഈ തവണ ബഡ്ജറിൽ കോടിക്കണക്കിനു രൂപ വക കൊള്ളിച്ചത് നഷ്ടപ്പെടുമോ എന്ന് ഭയപ്പെടുന്നു. ഈ സർക്കാരിന്റെ കാലത്ത് ഇത് തീർക്കുന്നതിന് തിരുവനന്തപുരത്തെ ഡി.റ്റി.ഇ ഓഫീസിലും മരാമത്ത് ഡിസൈൻ സി.ഇ ഓഫീസിലും താൽപര്യം കാട്ടുന്നില്ല. ഡ്രിക്ക് ഉത്തരവാദിത്വം സമയത്ത് നിർവഹിക്കുന്നില്ല. വനിതാ പോളിടെക്നിക് 4 നിലയായി ഇപ്പോൾത്തന്നെ നിർമ്മിച്ചാൽ സ്ഥലം പരമാവധി ഉപയോഗിക്കാൻ കഴിയും. അതിന് ആവശ്യമായ നിർദ്ദേശം ഡ്രിക്കിന് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ കായംകുളം ബസാർ പാലത്തിന്റെ തറക്കല്ലിട്ട് പണി തുടങ്ങണം . വനിതാ പോളിയ്ക്ക് തറക്കല്ലിട്ട് പണി തുടങ്ങാൻ കർശനമായ നടപടിയുണ്ടാകണം. സർക്കാരിന്റെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ യഥാസമയം പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥൻമാർ കസേരകളിൽ ഇരിക്കാൻ പാടില്ല എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u> : സർ, കായംകുളം - മുട്ടം ബസ്സാർ പാലത്തിന്റെയും റോഡിന്റെയും നിർമ്മാണത്തിന് 180 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പണിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ജോലിക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ഈ പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലം കായംകുളം മുനിസിപ്പാലിറ്റിയിൽ നിന്നും ഇതുവരെ കൈമാറ്റം ചെയ്തുകിട്ടിയിട്ടില്ല. അത് ലഭ്യ

LIBRARY ARCHIVES Kerala Legislative Assembly